**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 529** **24-08-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട ബ്ലെയ്ഡ് കമ്പനികൾ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ കേരള സംസ്ഥാനത്ത് സമാന്തര സാമ്പത്തിക സ്വാധീനം ഉണ്ടാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവർ പിന്നീട് ഭൂരഹിത ഭവനരഹിതരായി മാറിയിരിക്കുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരം പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ഗ്രാമപ്രദേശങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനും ഇത്തരം സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരെ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | *കേരളത്തിൽ മണി ലെൻഡിങ്ങിൽ ഏർപ്പെടുന്ന വ്യക്തികൾക്കും പാർട്ണർഷിപ്പുകൾക്കും കേരള മണി ലെന്റേഴ്സ് ആക്ട് 1958 പ്രകാരം രജിസ്ട്രേഷൻ സംവിധാനവും മറ്റും നിലവിൽ ഉണ്ട്. മറ്റ് ധനകാര്യസ്ഥാപനങ്ങളും മറ്റും നൽകുന്ന വായ്പ്പകളും അവയുടെ നിയന്ത്രണവും കേരള മണി ലെന്റേഴ്സ് ആക്ടിന്റെ പരിധിയിൽ വരുന്നതല്ല. സംസ്ഥാന ജി.എസ്.റ്റി വകുപ്പിന്റെ കീഴിൽ കേരള മണി ലെൻഡേഴ്സ് ചട്ടം 1958 പ്രകാരം പണമിടപാടുകൾ നടത്തുവാൻ വകുപ്പിന്റെ അസ്സിസ്റ്റന്റ് കമ്മീഷണർ മുമ്പാകെ അപേക്ഷ സമർപ്പിച്ച് ലൈസൻസ് എടുക്കേണ്ടതും ഇപ്രകാരം ലൈസൻസ് എടുത്ത് കൃത്യമായ കണക്കുകൾ മേല്പറഞ്ഞ അധികാരിയെ വർഷാ വർഷം ബോധ്യപ്പെടുത്തേണ്ടതുമാണ്. ലൈസൻസ് ഇല്ലാതെ ഇത്തരത്തിൽ ഉള്ള പ്രവർത്തനങ്ങൾ നടത്തുന്നതായി നേരിട്ട് ബോധ്യപ്പെടുകയോ പരാതി ലഭിക്കുകയോ ചെയ്യുകയാണെങ്കിൽ നിയമപരമായ സത്വര നടപടി സ്വീകരിച്ചു വരുന്നുണ്ട്. പണയ പണ്ടം ലേലം ചെയ്യുമ്പോൾ അധികാരിയായ അസിസ്റ്റന്റ് കമ്മീഷണറുടെ സാന്നിധ്യത്തിൽ മാത്രം ആണെന്ന് ഉറപ്പ് വരുത്തുന്നു. നിയമപരമായ ലൈസൻസ് ഇല്ലാതെ പണം പലിശയ്ക്ക് കൊടുത്ത് ബിസിനസ് നടത്തുന്നത് ശിക്ഷാർഹമാണ്* |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നത് പരിഗണനയിലുണ്ടോ? | (ഡി) | കേരള മണിലെന്റേഴ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്ന വിഷയം ഇപ്പോൾ ഈ വകുപ്പിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ